**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2226** **06-07-2022 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യധാന്യ സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ശാസ്ത്രീയ രീതിയിലുള്ള ഗോഡൗണുകളുടെ കുറവ് മൂലം ഭക്ഷ്യധാന്യങ്ങൾ കേടുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കിയപ്പോൾ എഫ്.സി.ഐ.യിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ വിട്ടെടുത്ത് സൂക്ഷിക്കാനുള്ള ശാസ്ത്രീയമായ ഗോഡൗണുകളുടെ അഭാവം മൂലം FIFO (First in, First out) പാലിക്കാൻ കഴിയാത്തതിനാൽ ഭക്ഷ്യധാന്യങ്ങൾ കേടാകുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. എന്നാൽ ലഭ്യമായ എല്ലാ താലൂക്കുകളിലും SWC, CWC ശാസ്ത്രീയ ഗോഡൗണുകൾ ഏറ്റെടുത്തും ഇപ്രകാരം ഗോഡൗണുകൾ ലഭ്യമല്ലാത്ത താലൂക്കുകളിൽ ശാസ്ത്രീയ ഗോഡൗണുകളുടെ നിർമ്മാണത്തിന് താൽപ്പര്യപത്രം ക്ഷണിച്ച് നിർമ്മാണത്തിന് അനുമതി നൽകിയും സർക്കാർ ഭൂമി ലഭ്യമായ സ്ഥലങ്ങളിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ ചെലവിൽ ശാസ്ത്രീയ ഗോഡൗണുകൾ നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചും ഭക്ഷ്യധാന്യങ്ങൾ കേടാകുന്നത് ഒഴിവാകാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | 2022-2027 കാലയളവിൽ സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും പൊതുവിതരണ വകുപ്പിന്റെ ഉടമസ്ഥതയിൽ എൻ.എഫ്.എസ്.എ. ഗോഡൗണുകൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | 2022-27 കാലയളവിൽ എല്ലാ താലൂക്കിലും വകുപ്പിന് സ്വന്തമായി എൻ.എഫ്.എസ്.എ. ഗോഡൗണുകൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി സർക്കാർ / സ്വകാര്യ ഭൂമി (കുറഞ്ഞത് 50 സെന്റ്) കണ്ടെത്തുന്നതിനുള്ള നടപടികൾ ജില്ലാ/താലൂക്ക് സപ്ലൈ ആഫീസ് തലത്തിൽ സ്വീകരിച്ച് വരുന്നു. നിലവിൽ 26 താലൂക്കുകളിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ആയത് വകുപ്പിന് കൈമാറി കിട്ടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | നിലവിൽ എഫ്.സി.ഐ.യിൽ നിന്ന് പൊതുവിതരണത്തിന് ലഭ്യമാക്കുന്ന അരി ഇനത്തിന് | (സി) | കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശപ്രകാരമുള്ള അരിയുടെ നീളം, വീതി അനുപാതമനുസരിച്ച് |

| | | | |
|---|---|---|---|
| | പകരം സംസ്ഥാനത്ത് കൂടുതലായി ഉപയോഗിക്കുന്ന ആന്ധ്ര ജയ, സുരേഖ തുടങ്ങിയ ഇനം അരിയുടെ സ്റ്റോക്ക് ലഭ്യമാക്കാൻ എഫ്.സി.ഐ.യുമായി ധാരണയായിട്ടുണ്ടോ; വിശദമാക്കാമോ; | | Common, Grade A എന്നീ രണ്ടിനം അരികളാണ് എഫ്.സി.ഐ സംഭരിച്ച് ലഭ്യമാക്കുന്നത്. ആയതനുസരിച്ച്, ആന്ധ്ര, തെലുങ്കാന സംസ്ഥാനങ്ങളിൽ നിന്നുള്ള BRC (Boiled Rice Common) ലഭ്യമാക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യപ്രകാരം ആന്ധ്ര, തെലുങ്കാന സംസ്ഥാനങ്ങളിൽ നിന്ന് പുഴുക്കലരി ലഭ്യമാക്കുന്നതിന് എഫ്.സി.ഐ നടപടി സ്വീകരിച്ചിട്ടുള്ളതാണ്. |
| (ഡി) | എഫ്.സി.ഐ.യിൽ നിന്ന് ഭക്ഷ്യധാന്യ വിഹിതം വിട്ടുകിട്ടുന്നതിന് മുൻപ് കൂടുതൽ പരിശോധനയും കൃത്യതയും ഉറപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഇതു സംബന്ധിച്ച ധാരണാപത്രത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | പൊതുവിതരണ വകുപ്പും എഫ്.സി.ഐ യുമായി ഭക്ഷ്യധാനങ്ങളുടെ വിട്ടെടുപ്പിൽ മാനദണ്ഡമാക്കേണ്ട മാതൃകാ നടപടിക്രമമനുസരിച്ച്, ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുമ്പോൾ ആയതിന്റെ ഗുണനിലവാരവും തൂക്കത്തിന്റെ കൃത്യതയും ഉറപ്പ വരുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ